**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിപണന മേഖലയിലെ സർക്കാർ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കെ.വി.അബ്ദുൾ ഖാദർ | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) | |
| (എ) | പച്ച മത്സ്യത്തിന്റെ മാർക്കറ്റ് വിലയുടെ നാലിലൊന്ന് പോലും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാത്ത സ്ഥിതി മാറ്റി ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനും മത്സ്യബന്ധന തൊഴിലിലേർപ്പെടുന്നവർക്ക് ന്യായവില ഉറപ്പാക്കാനും സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | എ) കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും, മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും, വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുമാറുള്ള ഒരു ഓർഡിനൻസ് 23/09/2020 ന് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യലേലത്തിൽ ഇടപെട്ട് ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തിന്റെ ആദ്യവില്പന നടത്തുന്നതിൽ ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുന്നതിന് ഓരോ മത്സ്യത്തിന്റെയും അടിസ്ഥാനവില നിശ്ചയിക്കു ന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്കു അധികാരം നൽകിയിട്ടുണ്ട്. മത്സ്യലേലത്തിലെ കമ്മീഷൻ പരിമിതപ്പെടുത്തുവാനും അനുമതി പത്രമുള്ളവർക്ക് മാത്രം ലേലക്കാരായി പ്രവർത്തിക്കാനും നിയമനിർമ്മാണത്തിലൂടെ കഴിയുന്നു. ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താ ക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് മുഖാന്തിരം 46 ഫിഷ് മാർട്ടുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | മത്സ്യ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കേടാകാത്ത പച്ചമീൻ ലഭ്യമാക്കുന്നതിന് ഫിഷ് മാർട്ടുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ബി) മത്സ്യസഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുവാൻ നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. സർവ്വീസ് സഹകരണ സംഘം/ ബാങ്കുകളുമായി ചേർന്ന് മത്സ്യവിപണന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | മൂല്യവർദ്ധിതോല്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് | (സി) | സി) മൂല്യവർദ്ധിതോൽപ്പന്നങ്ങളിലൂടെ വരുമാന |

| | | | |
|---|---|---|---|
| | സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | | വർദ്ധനവ് സാധ്യമാക്കുന്നതിനായി സാഫ് ഡ്രൈ ഫിഷ് യൂണിറ്റുകൾ രൂപീകരിച്ചു. മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതിയും ആരംഭിക്കുന്നു. 9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊളളിച്ചുകൊണ്ട് 46 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകളാണ് രൂപീകരിക്കുന്നത്. തീരമൈത്രി ബ്രാൻറിൽ ഒരു സീഫുഡ് റസ്റ്റോറൻറ് ശൃംഖല തന്നെ സൃഷ്ടിക്കുന്നതിനും ഇതുവഴി മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാൻ്റ് പ്രവർത്തിപ്പിച്ചുവരുന്നു. പ്രസ്തുത പ്ലാൻറിൽ നിന്നും "ഡ്രിഷ് കേരള" എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് മൂല്യവർദ്ധിത ഉണക്കമത്സ്യം മറ്റു വിവിധ മത്സ്യ ഉൽപ്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവ വിപണിയിൽ എത്തിച്ചുവരുന്നു. ഇതിനുപുറമേ മത്സ്യത്തൊഴിലാളികൾക്ക് മൂല്യ വർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകുന്ന വിവിധ ട്രെയിനിംഗ് പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ഓഖി പാക്കേജിൽ ഉൾപ്പെടുത്തി 4 കോടി രൂപയുടെ ഒരു മൂല്യവർദ്ധിത മത്സ്യ സംസ്കരണ പ്ലാൻറ് വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ 'മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ്" എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | ഡി) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ആധുനികവൽക്കരണ ത്തിനും കേരള സംസ്ഥാന തിരദേശ വികസന കോർപ്പറേഷൻ മുഖ്യമായ പങ്ക് |

| | | | |
|---|---|---|---|
| | | | വഹിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതിനോടകം തന്നെ സംസ്ഥാനത്ത് ഒട്ടാകെ 38 ഓളം ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒരെണ്ണം പൂർത്തീകരണ ഘട്ടത്തിലും മറ്റൊരെണ്ണം ആരംഭഘട്ടത്തിലുമാണ് ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് ഒട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണം നടപ്പിലാക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 117.61 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റുകൾ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും 13.97 കോടി രൂപയുടെ 6 മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ കിഫ്ബിയുടെ അനുമതി പരിഗണനയിലാണ്. മത്സ്യഫെഡ് മുഖാന്തിരം മാർക്കറ്റുകളുടെ ആധുനീകരണത്തിനായി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ മാർക്കറ്റുകൾ തെരഞ്ഞെടുത്ത് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ